# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 30 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല: മകരവിളക്ക് ഉത്സവത്തിന് നട തുറന്നു

മകരവിളക്ക് തീർഥാടനത്തിന് തുടക്കം കുറിച്ച് തന്ത്രി കണ്ഠരര് രാജീവര് ഇന്നലെ (ഡിസംബര് 30) വൈകിട്ട് 5 മണിക്ക് ശബരിമല നട തുറന്നു. ഇന്നലെ(ഡിസംബര് 30) ഭക്തർക്ക് ദർശനം ഉണ്ടായിരുന്നില്ല. മാളികപ്പുറം മേൽശാന്തി എം.എന്. റെജികുമാര് ശബരീശന്റെ വിഗ്രഹത്തില് ചാർത്തിയ വിഭൂതിയും നടയുടെ താക്കോലും ശബരിമല തന്ത്രിയില് നിന്ന് ഏറ്റുവാങ്ങി ഗണപതിയെയും നാഗരാജാവിനെയും തൊഴുത് മാളികപ്പുറം ശ്രീകോവില് നട തുറന്നു.ശബരിമല നട തുറക്കുമ്പോള് എക്സിക്യൂട്ടീവ് ഓഫീസര് വി.എസ്. രാജേന്ദ്ര പ്രസാദ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസര് രാജേന്ദ്രന് നായര്, കണ്ണൂര് എസ്പി യതീഷ് ചന്ദ്ര, എഎസ്ഐ പദം സിംഗ് എന്നിവരും സന്നിഹിതരായിരുന്നു.

ഇന്ന് (ഡിസംബര് 31) പുലർച്ചെ മുതലാണ് അയ്യപ്പഭക്തർക്ക് ദർശനം സാധ്യമാകുക. ജനുവരി 19 വരെ ഭക്തർക്ക് ദര്ശന സൗകര്യം ഉണ്ട്. ജനുവരി 20 ന് ശബരിമല നട അടയ്ക്കും. വെർച്വല് ക്യൂ മുഖേന ബുക്ക് ചെയ്തവർക്കു മാത്രമാണ് ദർശനം. എല്ലാ ദിവസവും 5000 പേർക്ക് വീതം പ്രവേശനം ഉണ്ടാകും. ഇന്ന് മുതല് ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് കോവിഡ് - 19 ആർടിപിസിആർ / ആർടി ലാമ്പ് / എക്സ്പ്രസ് നാറ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. 48 മണിക്കൂർ ആണ് സർട്ടിഫിക്കറ്റിന്റെ കാലാവധി. കോവിഡ് പരിശോധനാ നെഗറ്റീവ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഒരു ഭക്തരെയും ശബരിമലയിലേക്ക് കടത്തിവിടുകയില്ല. ഭക്തർക്ക് നിലയ്ക്കലില് കോവിഡ്- 19 പരിശോധന സംവിധാനം ഉണ്ടാവില്ല.

(പി.ആര്‍. ശബരി - (148)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 30 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (31.12.2020)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (149)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 30 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### സന്നിധാനത്ത് പോലീസിന്റെ നാലാമത് ബാച്ച് ചുമതലയേറ്റു

ശബരിമല സന്നിധാനത്ത് പോലീസ് സേനയുടെ നാലാമത്ബാച്ച് ചുമതലയേറ്റു. മൂന്നാമത് ബാച്ച് സേവനം പൂർത്തിയാക്കി മടങ്ങിയതിനെ തുടർന്നാണിത്. ബുധനാഴ്ച ഉച്ചകഴിഞ്ഞ് നാലാമത് ബാച്ച് ജോലിയില് പ്രവേശിച്ചു.ആരോഗ്യ വകുപ്പ് നിർദേശിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പുതിയ ബാച്ചിന് ഉറപ്പുവരുത്തുമെന്ന് പോലീസ് സന്നിധാനം സ്പെഷ്യല് ഓഫീസര് കെ രാധാകൃഷ്ണന് പറഞ്ഞു.

വലിയ നടപ്പന്തലില് സംഘടിപ്പിച്ച ചടങ്ങില് സന്നിധാനം അസി.സ്പെഷ്യല് പോലീസ് ഓഫീസര് പദം സിങ് സേനാംഗങ്ങൾക്ക് മാർഗനിർദേശം നൽകി.സാനിറ്റൈസർ, ഗ്ലൗസ്, മുഖാവരണം തുടങ്ങിയവ നിർബന്ധമായും ഉപയോഗിക്കണമെന്നും, താമസ സ്ഥലം, അടുക്കള, ശൗചാലയം തുടങ്ങിയവ ഉപയോഗിച്ച് കഴിഞ്ഞ ഉടന് അണുവിമുക്തമാക്കണമെന്നും നിർദേശം നൽകി. എന്തെങ്കിലും രോഗ ലക്ഷണങ്ങള് കണ്ടാല് ഉടന് ആരോഗ്യ വകുപ്പിനെ അറിയിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

(പി.ആര്‍. ശബരി - (150)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.